# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ-പി7/1263/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 21/11/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ-പി7/1263/2025

തീയ്യതി: 21/11/2025

## പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 30-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രഞ്ജിത്ത് കുമാർ ജി | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2025 | 28-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2025 | 28-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുമേഷ് പി.വി., ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺകുമാർ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു മേരി തോമസ് | പ്രസിഡന്റ് | 01-04-2024 | 09-07-2024 |
| അഡ്വ. സാം പട്ടേരിൽ | പ്രസിഡന്റ് | 10-07-2024 | 28-07-2024 |
| ശ്രീമതി വിദ്യാമോൾ എസ്. | പ്രസിഡന്റ് | 29-07-2024 | 31-03-2025 |
| ശ്രീ. പ്രകാശ് കെ. | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീ. ഫ്രാൻസിസ് ജേക്കബ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 17-06-2024 |
| ശ്രീമതി രജനി രവീന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-06-2024 | 08-09-2024 |
| ശ്രീ. ബിനു പി.എൽ. | സെക്രട്ടറി | 09-09-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫ്രാൻസിസ് ജേക്കബ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 17-06-2024 |
| ശ്രീ. അനീഷ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2024 | 31-03-2025 |
| ശ്രീമതി പ്രീജ പ്രേം | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ജാർവിസ് ജേക്കബ് | സീനിയർ മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2024 | 25-07-2024 |

| | | | |
|---|---|---|---|
| ഡോ. അരുൺ സന്തോഷ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 26-07-2024 | 31-03-2025 |
| ഡോ. സിനീഷ് പി ജോയ് | സൂപ്രണ്ട്, താലൂക്ക് ഹെഡ്ക്വാട്ടേഴ്സ് ഹോസ്പിറ്റൽ | 01-04-2024 | 31-03-2025 |
| ഡോ. സിന്ധുമോൾ കെ.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. സുബ്ബയ്യൻ എൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2024 | 31-05-2024 |
| ഡോ. മാത്യു ഫിലിപ്പ് | സീനിയർ വെറ്റിനറി സർജൻ | 01-06-2024 | 31-07-2024 |
| ഡോ. കണ്ണൻ എ. | സീനിയർ വെറ്റിനറി സർജൻ | 01-08-2024 | 13-11-2024 |
| ഡോ. രമ്യ കെ. വാസു | സീനിയർ വെറ്റിനറി സർജൻ | 14-11-2024 | 18-12-2024 |
| ഡോ. പ്രീതി മേരി ഉമ്മൻ | സീനിയർ വെറ്റിനറി സർജൻ | 19-12-2024 | 31-03-2025 |
| ശ്രീ. അഫ്സൽ വൈ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 11-09-2024 |
| ശ്രീ. ജേക്കബ് അലക്സ് | അസിസ്റ്റന്റ് എഞ്ചിനീയർ | 12-09-2024 | 09-10-2024 |
| ശ്രീമതി ഗൗരിപ്രീയ എൽ. | അസിസ്റ്റന്റ് എഞ്ചിനീയർ | 10-10-2024 | 31-03-2025 |
| ശ്രീമതി റുമ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 18-12-2024 |
| ശ്രീമതി രമ്യാമോൾ ആർ. | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2024 | 31-12-2024 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ. രാജേഷ് ഇ.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2025 | 31-03-2025 |
| ശ്രീമതി രാധിക എം. | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി രേഖ എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി റോഷ്ണ കരിം | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. അരുൺകുമാർ എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാങ്ക് റീകൺസിലിയേഷൻ നടത്തിയതിൽ അപാകത | 1-1-1 |
| 3 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് തുക വാർഷിക കണക്കിൽ ചേർത്തിട്ടില്ല | 1-1-2 |
| 4 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയിൽ മാറ്റമില്ല | 1-1-3 |
| 5 | ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല | 1-1-4 |
| 6 | ഐ.സി.ഡി.എസ് ബാലൻസ് തുക ACR, B4 എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | NREGA വാർഷിക കണക്കിലെ തുക ACR ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | Liability In Respect Of Stale Cheque എൻട്രിയിൽ അവ്യക്തത | 1-1-7 |
| 9 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുക കൃത്യമല്ല | 1-1-9 |
| 11 | വരവ്-ചെലവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം. | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |

| | | |
|---|---|---|
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | വസ്തു നികുതി പിരിവ് പൂർണ്ണമല്ല | 1-11 |
| 22 | വസ്തുനികുതി പുനർനിർണ്ണയം പൂർത്തിയായില്ല | 1-12 |
| 23 | സേവന ഉപനികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം | 1-13 |
| 24 | ജീവനക്കാരിൽ നിന്നുള്ള തൊഴിൽനികുതി പിരിവ് - അപാകങ്ങൾ | 1- 14 |
| 25 | തൊഴിൽനികുതി കുറവായി ഈടാക്കി | 1- 15 |
| 26 | സ്ഥാപനതൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു | 1-16 |
| 27 | തനത് വരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു | 1-17 |
| 28 | ലൈസൻസ് ഫീസ് പിരിവ് -അപാകങ്ങൾ | 1-18 |
| 29 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 1-19 |
| 30 | ജിംനേഷ്യങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-20 |
| 31 | സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-21 |
| 32 | വാടക കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വാകരിച്ചില്ല- | 1-22 |
| 33 | ബസ്സ്റ്റാന്റ് ഫീസ് ലേലം - തുക പൂർണ്ണമായും ഒടുക്കിയില്ല | 1-23 |
| 34 | തനത് വരുമാനം കറണ്ട് അക്കൗണ്ടുകളിൽ നിന്നും തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നില്ല | 1-24 |
| 35 | ധാതുഗതാഗത പെർമിറ്റ്- കെട്ടിട നിർമ്മാണം- തുടർനടപടികൾ സ്വീകരിക്കണം | 1-25 |
| 36 | ലേലം-ഭരണസമിതി തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-26 |
| 37 | ഇ-ടെണ്ടർ ഫീസിനത്തിൽ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക തിരികെ ലഭിച്ചിട്ടില്ല | 1-27 |

| | | |
|---|---|---|
| 38 | ശമ്പളപരിഷ്കരണങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. | 1-28 |
| 39 | തെരുവുവിളക്കുകളുടെ പരിപാലനം – അപാകതകൾ. | 1-29 |
| 40 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾ - രേഖകൾ ലഭ്യമായില്ല | 1-30 |
| 41 | പ്ലാസ്റ്റിക് പാഴ് വസ്തു സംഭരണശാലക്ക് വിഹിതം – വിനിയോഗ വിവരം ലഭ്യമായില്ല | 1-31 |
| 42 | വേസ്റ്റ് ബിൻ സ്ഥാപിച്ചിട്ടില്ല-80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 43 | കാലി ബാരലുകളുടെ വില സർക്കാർ ഫണ്ടിൽ അടവാക്കിയിട്ടില്ല | 1-33 |
| 44 | ക്വാറിയുടെ കോർപ്പറേറ്റ് എൻവിറോൺമെന്റ് റെസ്പോൺസിബിലിറ്റി (സി.ഇ.ആർ) പ്രവർത്തനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം | 1-34 |
| 45 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല | 1-35 |
| 46 | 67-ാം നമ്പർ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-36 |
| 47 | ഹോമിയോ ഡിസ്പെൻസറി കെട്ടിട പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല | 1-37 |
| 48 | പൊതുടാപ്പുകളുടെ വെള്ളക്കരം -കുടിശ്ശിക നിലനിൽക്കുന്നു | 1-38 |
| 49 | മെൻസ്ട്രുവൽ കപ്പ് നൽകൽ -ഗുണഭോക്താക്കളുടെ ആവശ്യകത പരിഗണിച്ചില്ല | 1-39 |
| 50 | ലൈഫ് ഭവന പദ്ധതി - മുൻകൂർ കൈപ്പറ്റിയിട്ടും ഭവനനിർമാണം പൂർത്തിയാക്കിയില്ല. | 1-40 |
| 51 | ലോൺ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ തുക കുറവ് ചെയ്യുന്നു - ഗ്രാമപഞ്ചായത്തിന് നഷ്ടം | 1-41 |

| | | |
|---|---|---|
| 52 | ജൽജീവൻ മിഷൻ പ്രവർത്തനം അവലോകനം. | 1-42 |
| 53 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-43 |
| **ഭാഗം 2** | | |
| 1 | തൊഴിൽനികുതി കുറവായി ഈടാക്കി | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം വിവരങ്ങൾ | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർ പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എ തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനക പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ട ഭരണസമിതിയുടെ 11/07/2025 തീയതിയിലെ 3-ാം നമ്പർ തീരുമാന പ്ര 19/07/2025-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവു സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ട സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പ എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിന നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായ പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമാ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കു

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്ന

## വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥ
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ
മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കു
ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷ
ഇടപാടുകളുടെയും 31/03/2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധ
ചിത്രം നൽകുന്നു.

**റ**

**പത്തനംതിട്ട**
**21/11/2025**

## 1-1-1 ബാങ്ക് റീകൺസിലിയേഷൻ നടത്തിയതിൽ അപ

ബാങ്ക് റീകൺസിലിയേഷൻ - CFC Fund, CSB (9190001) ന്റെ
റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്ബുക്കിലെ തുകയിര
Credited By Bank - 26900, 10000 എന്നീ തുകകൾ കൂട്ടിയിട്ടുണ്ട്. എന്ന
പരിശോധിച്ചതിൽ ടി തുകകൾ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

## 1-1-2 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് തുക കണക്കിൽ ചേർത്തിട്ടില്ല.

B-18 -അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്ന ഹെഡിൽ
വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാ
ഹോമിയോ, ആയുർവേദ മെഡിക്കൽ ഓഫീസർമാർ മരുന്ന
അഡ്വാൻസായി തുക ചെലവഴിക്കുകയും യഥാക്രമം 62107, 4511
ഉപകരണങ്ങളും മരുന്നും ലഭിക്കാൻ ശേഷിക്കുകയും ചെയ്യുന്നുണ്ട്.

## 1-1-3 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയിൽ മാറ്റമി

വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്-റോഡ്, മെയിന്റനൻസ് ഫ
എന്നിവ ഉപയോഗിച്ച് ആസ്തി സൃഷ്ടിക്കുന്നതിനുള്ള ചെലവ
കോൺട്രിബ്യൂഷനിലേക്ക് ചേർത്തിട്ടില്ല. മുൻവർഷത്തെ തു
തൻവർഷവും രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-1-4 ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക ആധികാരികതയില്ല.

ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികത
വൗച്ചറുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

## 1-1-5 ഐ.സി.ഡി.എസ് ബാലൻസ് തുക ACR, B4 എന്നിവ പൊരുത്തപ്പെടുന്നില്ല

ഐ.സി.ഡി.എസ് -ACR പ്രകാരം 24,60,409 രൂപയും, B4 പ്രകാരം 26,89,4
നീക്കിബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-1-6 NREGA വാർഷിക കണക്കിലെ തുക ACR ലെ തുക പൊരുത്തപ്പെടുന്നില്ല

Advance To NREGA- വാർഷിക കണക്കിലെ തുകയും (1341956 ) ACR മ
തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-7 Liability In Respect Of Stale Cheque എൻട്രിയിൽ അവ്യക്ത

RP-35 ലെ Liability In Respect Of Stale Cheque എൻട്രിയിൽ അവ്യക്തതയുണ
07.10.2024, 204900). 2023-24-ൽ റിട്ടേൺ ആയ ചെക്കിലെ തുക Journal Entry
കുറവു വരുത്തി 2,00,515 എന്നാണ് 2024-25-ൽ Liability In Respect
രേഖപ്പെടുത്തിയിരിക്കുന്നത്. ടി തുക 08.10.2024-ൽ വിത്ഡ്രോവൽ അ

## 1-1-8 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ 2011-ലെ കേരള പഞ്ചായത്ത്
ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന
ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-9 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുക കൃത്യമല്ല

ഷെഡ്യൂൾ B-11(B) -Capital Work In Progress എന്ന ഹെഡിൽ അക്കൗണ്ട്
(594029) കൃത്യമല്ല. ആസ്തി സൃഷ്ടിക്കുന്നതിനായി പാർട്ട് ബിൽ പ്രകാര
രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-10 വരവ്-ചെലവ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ലൈഫ് പദ്ധതി വരവ് തുക, ഹെൽത്ത് ഗ്രാന്റ് വരവ്-ചെലവ് തുക,
നീക്കിയിരിപ്പ്, ഐ.സി.ഡി.എസ് ബാലൻസ് തുക എന്നിവ വാർഷ
പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്.

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനകാര്യ സ്റ്റാന്റി 12/02/2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരവും, ജന 13/02/2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീക മുന്നിരിപ്പും 17,35,09,358 രൂപ പ്രതീക്ഷിത വരവും 16,47,63,800 രൂപ പ്ര 87,45,558 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അം പുതുക്കിയ ബജറ്റ് 27/02/2025 തീയതിയിലെ 2(1) നമ്പർ തീ അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം.

| | റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം ആന്റ് എക്സ്പെൻഡീച പത്രിക പ്രകാര |
|---|---|---|
| പ്രാരംഭ ബാക്കി | 18332558 | |
| വരവ് | 41605220 | 10 |
| ആകെ | 59937778 | 10 |
| ചെലവ് | 38177478 | 9 |
| നീക്കിയിരിപ്പ് | 21760300 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ * | -- | 15308000 | 15308000 | 13123659 | |
| വികസന ഫണ്ട്-എസ്.സി.പി* | -- | 3970000 | 3970000 | 3550918 | |
| വികസന ഫണ്ട്-റ്റി.എസ്.പി * | -- | 197000 | 197000 | 197000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക് | 2701353 | 5287500 | 7988853 | 1030644 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി | -- | 2779336 | 2779336 | 0 | |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ബാങ്ക് | 3425839 | 2579200<br>പലിശ– 289548 | 6294587 | 2040018 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ട്രഷറി | -- | 13744 | 13744 | 0 | |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | -- | 23840000 | 23840000 | 11215840 | |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | -- | 3208000 | 3208000 | 1567199 | |
| **സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| ഹെൽത്ത് ഗ്രാന്റ് (D) | 191562 | 644274 | 835836 | 5519840 | |
| ഹെൽത്ത് ഗ്രാന്റ് (H.W) | 165751 | 554235 | 7199860 | 211562 | |
| ഐ.സി.ഡി.എസ്. | 1634093 | 1055396 | 2689489 | 229080 | |
| ശുചിത്വ മിഷൻ | 613941 | 0 | 613941 | 0 | |
| സ്വച്ഛ് ഭാരത് അഭിയാൻ | 865073 | 132000 | 997073 | 132000 | |
| ലൈഫ് ഭവന പദ്ധതി-സംസ്ഥാന വിഹിതം | 545524 | 311854 | 857378 | 350000 | |
| NHM | 500000 | 0 | 500000 | 0 | |
| പൈക | 42931 | 2121 | 45052 | 0 | |
| സാക്ഷരത | 45996 | 2258 | 48254 | 0 | |
| CMDRF | 0 | 69428 | 69428 | 69428 | |

*കുറിപ്പ്:

ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ തൻവർഷം 12 ഗഡുക്കളിലായി ഗ്യാപ്ഫണ്ടായി 12793 രൂപയും ചേർത്ത് 11253226 രൂപ സ്ഥാപനത്തിന് ലഭ് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും ചെ ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുറ

| പ്രോ. നമ്പർ | പ്രോജക്ട് |
|---|---|

| | |
|---|---|
| 350 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക |
| 352 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (ജനറൽ)-രണ്ടാം ഗഡു |
| 353 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (എസ്.സി.പി)-രണ്ടാം ഗഡു |
| 354 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (ജനറൽ)-മൂന്നാം ഗഡു |
| 355 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (എസ്.സി.പി)-മൂന്നാം ഗഡു |
| 356 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (ടി.എസ്.പി)-മൂന്നാം ഗഡു |
| 357 | ലൈഫ് മിഷൻ വായ്പ- മുതൽ തിരിച്ചടവ് (ടി.എസ്.പി)-രണ്ടാം ഗഡു |
| | **ആകെ** |

## 1-5 വാർഷിക പദ്ധതി അവലോകനം

2024-25 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്ക
താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | േ |
|---|---|---|---|---|---|
| 246 | 95554273 | 145 | 37725032 | 101 | |

നിർവ്വഹണോദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | െ |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 1605803 | |
| വെറ്ററിനറി സർജൻ | 9 | 9 | 3417200 | |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 7 | 7 | 2881046 | |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 250000 | |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 480000 | |

| | | | | |
|---|---|---|---|---|
| സബ് ഇൻസ്പെക്ടർ – ഫിഷറീസ് | 2 | 2 | 370000 | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 15 | 28528804 | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 13 | 4572007 | |
| സെക്രട്ടറി | 44 | 19 | 8697816 | |
| ഹെഡ്മിസ്ട്രസ് | 9 | 9 | 993000 | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 105 | 44 | 39600746 | 1 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 1180706 | |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 11 | 1852000 | |
| **ആകെ** | **246** | **145** | **94429128** | **3** |

സ്രോതസിൽ കുറവു ചെയ്ത തുകകൾ അടങ്കൽ തുകയിൽ ഉൾപ്പെ
സുലേഖ പത്രികയിലെ ആകെ അടങ്കൽ തുകയിൽ 11,25,145 രൂപയുടെ കു

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1 | 1290093 | 1290094 | 1290094 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9912253 | 9912253 | 9912253 | |
| ആകെ | 1 | 11202346 | 11202347 | 11202347 | |

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വാർഷികധനകാര്യപത്രികയ
വിവരങ്ങളും തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമു
കണക്കുകളും തമ്മിൽ 13,41,956 രൂപയുടെ വ്യത്യാസമുണ്ട്. പ
മുൻകൂറായി നൽകിയ തുകയാണിത്. ഈ തുക ഷെഡ്യൂൾ ബി18-ൽ ഉൾ

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2,16,54,600 | 77 |
| കർഷക തൊഴിലാളി പെൻഷൻ | 30,15,600 | 22 |
| വിധവ പെൻഷൻ | 76,49,900 | 29 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസിലധികം പ്രായമുള്ള വനിതകൾക്ക് ഉള്ള പെൻഷൻ | 2,62,000 | 21 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 20,95,800 | 33 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള പരിശോധന 21.10.2025 തീയതിയിൽ 3.00 P.M-ന് ഉത്തരവാദപ്പെട്ട സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,106 രൂപ ( ഒരുന്നൂറ്റി ആറ് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGM വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എ പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. അഡ്വാൻസ് രജ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത എങ്കിലും നികുതി പിരിവ് 100% കൈവരിക്കാൻ സാധിച്ചിട്ടില്ല. പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചി

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റി ല ത |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.09.2013 | 2013-14 | 19. |
| പെർഫോമൻസ് ഓഡിറ്റ് | 27.06.2022 & 28.06.2022 | 4/2021 - 3/2022 | 10. |

## 1-11 വസ്തു നികുതി പിരിവ് പൂർണ്ണമല്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം (ഷെഡ്യൂൾ B-15) വസ്തു നികുത
15,54,696 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേ

| ഇനം | തു |
|---|---|
| Receivables For Property Tax On Residential Buildings (Current) | 3508 |
| Receivables For Property Tax On Residential Buildings (Arrears) | 2495 |
| Receivables For Property Tax On Non-Residential Buildings (Current) | 2016 |
| Receivables For Property Tax On Non-Residential Buildings (Arrears) | 7526 |
| **ആകെ** | **15546** |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/25.1 വാണിജ്യകെട്ടിടങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, മിനി ഇൻഡ എന്നിവിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നതായി ലഭ്യമാക്കി. വസ്തുനികുതി പിരിച്ചെടുക്കുന്നതിനായി എല്ലാ വാർഡുക വഴി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുണ്ടെന്നും റവന്യൂ റിക്കവ കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വരവുകൾ യഥാവിധി പി തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയി ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത ത സ്ഥാപനങ്ങൾക്ക് അർഹമായ വികസനഫണ്ടിന്റെ (പൊതു വിഭാഗ പിഴയായി ഈടാക്കണമെന്ന് ധനകാര്യ കമ്മീഷന്റെ 2-ാമത് റിപ്പോർ ശിപാർശയായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി. ഈ ശിപ സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ സ.ഉ(കൈ)179/2022 നമ്പർ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തിക വർഷം മുതൽ പ്രാബല തനത് വരവ് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഇപ്രകാരം ഫ ഇടയാക്കും. പഞ്ചായത്തിനു നിയമാനുസൃതം ലഭിക്കേണ്ട തനതു വരു സമാഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ജനപ്രതിനിധികളുടേയും കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

## 1-12 വസ്തുനികുതി പുനർനിർണ്ണയം പൂർത്തിയായില്ല

വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണ്ണത്തിലും ഉപയോ വന്നിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയത്തിന് സ്വീകരി സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേ സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17-ൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ, ഇപ്ര

നഷ്ടം പരിഹരിക്കുന്നതിനായി ഒരു പരിശോധനാ സംവിധാനം ഏർപ്പെ (എം.എസ്.)നം.77/2023/തസ്വഭവ തീയതി 22.03.2023 നമ്പർ ഉത്തരവ് നിർദ്ദേശിച്ചിട്ടുമുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡ യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വസ്തുനികുതി പരിഷ്ക വിവരശേഖരണത്തിന്റെയും നികുതിപുനർനിർണ്ണയത്തിന്റേയും വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകൃയറി (നം.14/25.10.202 ഇതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി നിർണ്ണയ ചേർന്ന് അനധികൃതമായി കൂടുതൽ മുറികൾ കൂട്ടിച്ചേ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതു വഴിയുമുണ്ടാകുന്ന പരിഹരിക്കുന്നതിനായി ഫീൽഡ് പരിശോധന നടത്തി വിവരം പുനർനിർണ്ണയം നടത്തുന്നതിനായി ഇന്റർവ്യൂ നടത്തി യോഗ്യതയുള്ള തെരഞ്ഞെടുത്തതായും രണ്ട് വാർഡുകളിലെ (നം. 8, 14) പൂർത്തിയായതായും എന്നാൽ ഈ വാർഡുകളിൽ നികു നടത്തിയിട്ടില്ലായെന്നും പ്രതിഫലം കുറവായതിനാൽ മറ്റ് വിവരശേഖരണനടപടികൾ പൂർത്തീകരിച്ചിട്ടുമില്ല എന്നുമാണ് അറിയ പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തി വസ്തുനികുതി പര പൂർത്തീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ടുള്ള വിവരശേഖ പുനർനിർണ്ണയവും സമയബന്ധിതമായി പൂർത്തീകരിക്കുന്ന സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസ ക്ഷണിക്കുന്നു.

## <u>1-13 സേവന ഉപനികുതി ഈടാക്കാത്തതിനാൽ പഞ്ചാ വരുമാന നഷ്ടം</u>

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന സർചാർജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്ത് ന സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരു ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികു ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉ പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജല വി പരിപാലനം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് മുതലാ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന ന ഉപനികുതി ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചു ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിര പാടുള്ളതല്ലായെന്നും വ്യവസ്ഥ ചെയ്യുന്നു. 27-ാം ചട്ടത്തിൽ വ്യ ഏറ്റവും കുറഞ്ഞ നിരക്കുകൾ അനുസരിച്ച് ശുചിത്വ പരിപാലനം (

(3%), തെരുവു വിളക്കുകൾ (2%), ഡ്രെയിനേജ് (1%) എന്നിങ
വസ്തുനികുതിയുടെ 10% നിരക്കിൽ സേവന ഉപനികുതി ഈടാക്കാ
വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത എന്ന നിലയിൽ സേ
ഈടാക്കുന്നതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ

## 1- 14 ജീവനക്കാരിൽ നിന്നുള്ള തൊഴിൽനികുതി പിരി അപാകങ്ങൾ

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവു സംബന്ധ
രജിസ്റ്ററിൽ ജീവനക്കാരുടെ പേരുവിവരം രേഖപ്പെടുത്തുന്നതിന
സ്ഥാപനങ്ങൾ ലഭ്യമാക്കിയ തൊഴിൽനികുതി റിട്ടേൺ സൂക്ഷ
ഭൂരിഭാഗം സ്ഥാപനങ്ങളുടെയും ഒന്നാം അർദ്ധവർഷത്തെ
പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററിൽ വാർഷികസംക്ഷി
സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേ

1. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന
അർദ്ധവർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കുടുംബശ്രീ സി.ഡി.എസ് |
| 2 | സി.എം.എസ്.ഇ.കെ.ജി & എൽ.പി.സ്കൂൾ, മല്ലപ്പള്ളി |
| 3 | പി.സി.എ.ആർ.ഡി.ബാങ്ക്, മല്ലപ്പള്ളി |
| 4 | ജെ. മാർട്ട് സൂപ്പർബസാർ, മല്ലപ്പള്ളി |
| 5 | ജെ. മാർട്ട് മാർജിൻ ലെസ്സ് ഹൈപ്പർമാർക്കറ്റ് മല്ലപ്പള്ളി |
| 6 | റജി എബ്രഹാം & കോ. ചാർട്ടേഡ് അക്കൗണ്ടന്റ് |
| 7 | ലഷ് ഫുഡ് പ്രൊഡക്ട്സ്, മല്ലപ്പള്ളി |
| 8 | ഹോട്ടൽ ജോൺസ്, മല്ലപ്പള്ളി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/25.
വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടു
അടിയന്തരമായി പിരിച്ചെടുക്കുന്നതാണെന്നും മറുപടി ലഭ്യമാക
ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

2. കെ.എസ്.ബി.സി., മല്ലപ്പള്ളി എന്ന സ്ഥാപനത്തിലെ ജീവന
അർദ്ധവർഷത്തിലെ തൊഴിൽനികുതി റിട്ടേൺ പരിശോധനയ്ക്ക്
രണ്ടാം അർദ്ധവർഷത്തെ റിട്ടേണിൽ മൂന്ന് ജീവനക്കാരിൽ നിന
തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.
സ്ലാബിൽ ഇങ്ങനെ ഒരു തുക ഉൾപ്പെടുന്നില്ല. റിട്ടേണിലെ രേ
കൃത്യമല്ല. ജീവനക്കാരുടെ യഥാർത്ഥ വരുമാനം സംബന്ധ
ആവശ്യപ്പെട്ട് ഈടാക്കേണ്ട തൊഴിൽനികുതി കൃത്യമായി കണ
രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, അ
എന്നിവയിലെ ജീവനക്കാരിൽ നിന്നും, ഗ്രാമപ്പഞ്ചായത്തിൽ
പണികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും
ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ളതായി സെക്രട്ടറി
ഗ്രാമപഞ്ചായത്ത് പരിധിയിലുൾപ്പെട്ടതും തൊഴിൽ നികുത
ബാദ്ധ്യസ്ഥരായതുമായ എല്ലാവരിൽ നിന്നും ആയത് ഈടാക
സ്വീകരിക്കേണ്ടതാണ്.

## 1- 15 തൊഴിൽനികുതി കുറവായി ഈടാക്കി

സ.ഉ.(സാധാ).നം.1149/2024/LSGDതീയതി 27.06.2024 പ്രകാരം ഗ്രാമപ
തൊഴിൽനികുതി സ്ലാബുകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട് (01.10.2024
തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകളുടെ
ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവർഷത്തെ
ഈടാക്കിയതിൽ കുറവുണ്ടായിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. വിശദാ
ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക തൊഴ നികു |
|---|---|---|---|---|---|
| 1 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മല്ലപ്പള്ളി | ബിന്ദു പി. | 38640 | 600 | |
| 2 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കീഴ്‌വായ്പൂർ | സുജിത സോമൻ | 48000 | 750 | |
| 3 | | പ്രിയ തങ്കപ്പൻ | 24000 | 450 | |
| 4 | | അജയരാജ് | 24000 | 450 | |
| 5 | മല്ലപ്പള്ളി സർവീസ് | സുരേഷ് കുമാർ പി.പി. | 24000 | 450 | |

| | | | | | |
|---|---|---|---|---|---|
| | കോ-ഓപ്പറേറ്റീവ് ബാങ്ക്, പാടിമൺ | | | | |
| 6 | പോസ്റ്റ് ഓഫീസ്, പെരുമ്പ്രമാവ് | ഗോവിന്ദ് ഗണേഷ് | 72000 | 750 | |
| 7 | എഫേത്താ പ്രൊഡക്ഷൻ സെന്റർ | ജോർജ് മാത്യു | 31000 | 600 | |
| 8 | | ജോസഫ് വർഗീസ് | 72000 | 750 | |
| 9 | | ജേക്കബ് മാത്യു | 39648 | 600 | |
| 10 | | ബെന്നി ജോൺ | 42600 | 600 | |
| | **ആകെ** | | | | |

I) മല്ലപ്പള്ളി താലൂക്ക് ഹോസ്പിറ്റലിലെ ശ്രീമതി രേഷ്മ ബാബു എന്ന അടിസ്ഥാന ശമ്പളം 21,610 രൂപയും ശ്രീമതി മഞ്ജു കെ. എന്ന അടിസ്ഥാനശമ്പളം 21,400 രൂപയും ആണെന്ന് തൊഴിൽനിക രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് കണക്കാക്കിയാൽ ഇവരുടെ വരുമാനം യഥാക്രമം 1,29,660, 1,28,400 എന്നിങ്ങനെയാണ്. ആയത് പ്ര വീതമാണ് തൊഴിൽനികുതി ഈടാക്കേണ്ടിയിരുന്നത്. ലഭ്യമാക്കിയ റി രൂപ വീതമാണ് ഈടാക്കിയിരിക്കുന്നത്. ആകെ 500 രൂപയുടെ കു സ്ഥാപനം സമർപ്പിച്ചിട്ടുള്ള റിട്ടേണിൽ അർദ്ധവർഷത്തെ അ രേഖപ്പെടുത്തിയിട്ടില്ല. യഥാർത്ഥ വരുമാനം സംബന്ധിച്ച വിവര തൊഴിൽനികുതി കൃത്യമായി കണക്കാക്കി ഈടാക്കിയത അറിയിക്കേണ്ടതാണ്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/25.1 മറുപടിയിൽ തൊഴിൽനികുതി റിട്ടേണുകൾ ഫ്രണ്ട് ഓഫീസ് വഴി സ്ലാബുകൾ തെറ്റിയതുമൂലം കുറവായി ഈടാക്കിയ തുക അടിയന്തരമാ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ട കുറവായി ഈടാക്കിയ 3,110 രൂപ ഈടാക്കി രേഖകൾ സഹിതം അ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സ്ഥാപനതൊഴിൽ നികുതി ഈടാക്കാനവശേഷി

സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെ വിവര രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കിയെന്നതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററി വിവരങ്ങൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള രേഖകൾ, ഐ.എ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതു പ്രകാരം സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | 2024-25 |
|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | ഒന്നാം അർദ്ധ |
| 2 | മല്ലപ്പള്ളി പി.സി.എ.ആർ.ഡി ബാങ്ക് | ഒന്നാം അർദ്ധ |
| 3 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മല്ലപ്പള്ളി | ഒന്ന്, രണ്ട് അർദ്ധവർഷ |
| 4 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പാടിമൺ | ഒന്ന്, രണ്ട് അർദ്ധവർഷ |
| 5 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നെല്ലിമൂട് | ഒന്ന്, രണ്ട് അർദ്ധവർഷ |
| 6 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നാരകത്താനി | ഒന്ന്, രണ്ട് അർദ്ധവർഷ |
| 7 | മല്ലപ്പള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മുരണി | ഒന്ന്, രണ്ട് അർദ്ധവർഷ |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/25.1 മറുപടിയിൽ സ്ഥാപനതൊഴിൽനികുതി സംബന്ധിച്ച രജിസ്റ്റർ ര ഈടാക്കാൻ അവശേഷിക്കുന്ന നികുതി ഈടാക്കുന്നതിന സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 തനത് വരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുക നിക്ഷേപിച്ചിരിക്കുന്നു

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, തനത് വരുമാനം നിക്ഷേപിക്കു ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്നു. സർക്കുലർ നം.5 ത.സ്വ.ഭ.വ. 26.05.2011-ൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത അക്കൗണ്ടിനു പുറമേ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നി അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഗ്ര തനത് വരുമാനം ട്രഷറി അക്കൗണ്ട് കൂടാതെ 5 ബാങ്ക് അക്കൗ നിക്ഷേപിച്ചിരിക്കുന്നത്. തനത് വരുമാനം നിക്ഷേപിക്കുന്നതിനായി 09.0 ഗ്രാമപഞ്ചായത്ത് പുതിയതായി ഒരു അക്കൗണ്ടു കൂടി ആരംഭിച്ചിട്ടുണ്ട ബാങ്ക്, A/C No.314053000013834). നിലവിലുള്ള അക്കൗണ്ടുകളുടെ വിവ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | ബാങ്ക് |
|---|---|---|
| 1 | 57901000015000 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് മല്ലപ്പള്ളി |

| | | |
|---|---|---|
| 2 | 120024190230 | കാനറ ബാങ്ക്, മല്ലപ്പള്ളി |
| 3 | 37113615801 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മല്ലപ്പള്ളി വെസ്റ്റ് |
| 4 | 119312803000014 | കേരള ബാങ്ക്, മല്ലപ്പള്ളി വെസ്റ്റ് |
| 5 | 314053000013834 | സൗത്ത് ഇന്ത്യൻ ബാങ്ക, മല്ലപ്പള്ളി |
| 6 | 79901300000777 | സബ്ട്രഷറി, മല്ലപ്പള്ളി |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/ ഇപ്രകാരം മറുപടി ലഭ്യമാക്കി.

08.06.2025 വരെ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് ഇന്ത്യൻ ഓ ആയിരുന്നു. നിലവിൽ പഞ്ചായത്തിന്റെ ന്യൂട്രീഷൻ പ്രോഗ്രാം സെൻട്ര ഓഫീസുകളിൽ നിന്നുമുള്ള തൊഴിൽ നികുതി ഉൾപ്പെടെയുള്ള പ അക്കൗണ്ടിൽ വരുന്നതിനാലാണ് അക്കൗണ്ട് ക്ലോസ് ചെയ്യാതിരിക്കുന്നത്. 09.06.2025 മുതൽ യു.പി.ഐ പേയ്മെന്റ് അക്കൗണ്ട് സൗത്ത് അക്കൗണ്ടിലേക്ക് (തനത് ഫണ്ട്) മാറ്റിയിട്ടുള്ളതിനാൽ യു.പി. അവശേഷിക്കുന്ന തുക സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന ക്ലോസ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇ-പേയ്മെന്റ് തുകകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക സ്വീകരിക്കുന്നതെന്നും, നിലവിൽ ട്രാൻസാക്ഷനുകൾ നടത്താത ബാങ്കിന്റെ അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകര സെക്രട്ടറി അറിയിച്ചു. സർക്കാർ ഉത്തരവിലെ നിർദേശം പാലി നിക്ഷേപിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ലൈസൻസ് ഫീസ് പിരിവ് -അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിര പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറിക പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർ അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ലെ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ലൈസൻസ് ഇനത്തിൽ പഞ്ചായ വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന നിയന്ത്രിക്കപ്പെടാതിരിക്കുന്നതിനും കാരണമാകുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ **497** സ്ഥാപനങ്ങൾക്കാണ് ഗ്രാമപഞ്ച ലൈസൻസ് അനുവദിച്ചു നൽകിയിട്ടുള്ളത്. 2024-25 സാമ്പ പഞ്ചായത്തിൽ വ്യാപാര സ്ഥാപനങ്ങളുടെ വാർഡു തിരിച്ചുള്ള ട്രേ സൂക്ഷിച്ചിട്ടില്ല. ഹരിതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്ത

സ്ഥാപനങ്ങളുള്ളതായി ഓഡിറ്റിൽ വിവരം ലഭ്യമാക്കിയിട്ടുണ്ട്. പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൻവർഷം ലൈസ എന്ന് ഇതിൽനിന്ന് വ്യക്തമാണ്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമ തുക കുറവു വന്നിട്ടുണ്ട്.

**<u>മൂലധന നിക്ഷേപം പരിഗണിക്കാതെ ലൈസൻസ് ഫീസ് നിശ്ചയി</u>**

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരിക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ട ഭേദഗതി പ്രകാരം സംരംഭങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരംതി നിക്ഷേപത്തിന്റെ വിവരം ലൈസൻസിനുള്ള അപേക്ഷയ വ്യക്തമാക്കേണ്ടതും ഇതിനനുസൃതമായി പഞ്ചായത്ത് ലൈ നിശ്ചയിക്കേണ്ടതുമാണ്.

2024-25 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് ലഭിക്കുന്നതിനായ സമർപ്പിച്ചിട്ടുള്ള മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ എപ്രകാരമാണ് ലൈസൻസ് ഫീ വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം./സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | 13/790, M/S പി.ജെ.തോമസ് & കമ്പനി (പെട്രോ പമ്പ് ), മല്ലപ്പള്ളി |
| 2 | 4/563, എൻ.ആർ ഫുഡ് പ്രൊഡക്ട്സ്, മല്ലപ്പള്ളി |
| 3 | 13/1072 1073 പൗർണ്ണമി ഹോം ഗ്യാലറി, മല്ലപ്പള്ളി |
| 4 | 13/704, എക്സലന്റ് ഓട്ടോ ഇലക്ട്രിക്കൽ മല്ലപ്പള്ളി |
| 5 | 10/37, വി.പി.എൽ ട്രേഡ്സ്, കീഴ്വായ്പൂർ |
| 6 | 13/823, കല്യാൺ ജ്യുവലേഴ്സ്, മല്ലപ്പള്ളി |
| 7 | 13/408, ഗ്രാഫിക്സ് സിസ്റ്റം & കമ്പനി, മല്ലപ്പള്ളി വെ |
| 8 | 3/1163, ടൈൽസ് ബാർ, മല്ലപ്പള്ളി |
| 9 | 11/481, ഓറിയന്റ് ഗ്ലാസ്സ് ഹൗസ്, മല്ലപ്പള്ളി |
| 10 | 11/287, എസ് & ഡി ഹാർഡ് വെയർ ഷോ മല്ലപ്പള്ളി വെസ്റ്റ് |
| 11 | 13/246, മാമൂട്ടിൽ സാനിട്ടറി & ഇലക്ട്രിക്കൽ മല്ലപ്പള്ളി |

| | |
|---|---|
| 12 | 13/798, ഒ.പി. മാത്യു & കമ്പനി (പെട്രോൾ പ<br>മല്ലപ്പള്ളി |

മേൽ അപാകതകൾക്ക് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/27.10.25), ലൈസൻസ് എടുക്കാത ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പഞ്ചാ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും, ലൈ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത ത സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽനിന ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർ (കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹര അദ്ധ്യായത്തിൽ (ഖ.5.1(5)) നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ സാധ്യതകളും പരിശോധിക്കാവുന്നതാണ്.

## 1-19 ലൈസൻസ് ഫീസ് കുറവായി ഈടാക്കി

2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ ഗ്രാമപഞ്ചായത്തിൽ നിന്നും സാമ്പത്തിക വർഷം ലൈസൻസ് എടുത്ത് പ്ര ചില സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവായി ഈടാക്കി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ട്രാവൻകൂർ ഫ്യുവൽസ് 7/436 എന്ന പേരിലുള്ള പെട്രോൾ പമ്പ് അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. 2,500 രൂപ ഫീസ് ആയി ഈടാക്കിയിട്ടുള്ളത്. എന്നാൽ ലൈസൻസ് അ ലഭ്യമാക്കിയിട്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ. സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 27 ലക്ഷം രൂപയാണ്. സേവന മേ രൂപയിൽ കൂടുതലുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 5,000 രൂപയാണ് ആയി ഈടാക്കേണ്ടിയിരുന്നത്.

2. ഹോട്ടൽ സീ ബ്ലൂ (3/655, 3/1218 ബാർ & റെസ്റ്റോറന്റ്) എന്ന സ്ഥാപനത്ത ഫീസ് ആയി 4,000 രൂപ ഈടാക്കിയിട്ടുണ്ട്. അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി.-യിൽ പ്രസ്തുത മൂലധന നിക്ഷേപം 239.44 ലക്ഷം രൂപയാണ്. 10,000 രൂപയാണ് സ്ഥാപനത്ത ഫീസ് ആയി ഈടാക്കേണ്ടിയിരുന്നത്.

3. ഇൻഡസ് മോട്ടോഴ്സ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് (3/928) എന്ന സ്ഥാപ നിക്ഷേപം 1 കോടി 8 ലക്ഷം രൂപയാണ്. 4,000 രൂപയാണ് ലൈ ഈടാക്കിയിട്ടുള്ളത്. 5,000 രൂപയാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടിയി

മേൽ അപാകതകൾക്ക് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/27.10.25), സ്ഥാപനങ്ങൾക്ക് നോട്ടീ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെ ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കി ലഭ്യമാക്കേണ്ടതാണ്.

## 1-20 ജിംനേഷ്യങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്ക

എൽ.എസ്.ജി.ഡി-ആർ.ഡി.1/47/2022, 01.8.2022 നമ്പർ സർക്കുലർ പ്രകാ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയ പ്ലേസ് റിസോർട്ട് ആക്ട്, 1963 പ്രകാരമുള്ള ലൈസൻസില്ലാതെ ഏതെങ്കി പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്തുവാൻ നിർദ്ദേശിച്ചിരുന്നു. ഇത സാമ്പത്തിക വർഷത്തെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചുവടെ ചേർക ടി ആക്ട് പ്രകാരമുള്ള ലൈസൻസ് എടുത്തതിന്റെ രേഖകൾ ഹാജരാക്കി

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സ്റ്റാർ ഫിറ്റ്നസ്സ് സെന്റർ ജിം & അക്കാഡമി, മല്ലപ്പള്ളി |
| 2 | ജിം വേൾഡ് ഫിറ്റ്നസ്സ്, മല്ലപ്പള്ളി |
| 3 | താപ്പാസ് പ്രീമിയം ഫിറ്റ്നസ്സ് ജിം, മല്ലപ്പള്ളി |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക മറുപടിയായി, മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങൾ കെ.പി.പി.ആർ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ലാത്തതാണെന ലൈസൻസ് എടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ട

## 1-21 സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ചുവടെ ചേർത ആശുപത്രികൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയോ ലൈസൻസ് വിവരങ്ങൾ, രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവ

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് വിവരം | സ്ഥാപനത്തിന്റെ |
|---|---|---|---|
| 1 | 3/398, 949, 950 | ശ്രീ. ജോർജ്ജ് മാത്തൻ | ജോർജ്ജ് മ മെമ്മോറിയൽ |
| 2 | 3/497, 498 | ശ്രീമതി കെ.കെ.ഓമന | അണിമ ആയുർവേ മെഡിക്കൽ സെന്റ |

| | | | |
|---|---|---|---|
| 3 | 3/733 | ശ്രീ. ചെറിയാൻ വർഗ്ഗീസ് | ലഭ്യമല്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.26/27.10.2025) നൽകി ഗ്രാമപഞ്ചായത്ത് പരിധിയിൽ വർഷങ്ങളായി പഞ്ചായത്ത് ലൈ പ്രവർത്തിച്ചുവരുന്ന ജോർജ്ജ് മാത്തൻ മെമ്മോറിയൽ ഹോസ്പിറ്റ പ്രവർത്തനം നിർത്തി വയ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്ന അറിയിച്ചു. അണിമ ആയുർവേദിക് മെഡിക്കൽ സെന്റർ എന്ന സ്ഥ ലൈസൻസിന് അപേക്ഷ നൽകിയെങ്കിലും ബയോമെഡിക്കൽ വേ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ പത്തനംതിട്ട പി.സി.ബിയുടെ ലൈസൻസ് പുതുക്കി നൽകിയിരുന്നില്ല. നിലവിൽ ടി സ്ഥാപനത്തിന് പ പത്രം ലഭിച്ചിട്ടുള്ളതും കെ-സ്വിഫ്റ്റ് മുഖേന ലൈസൻസ് നൽകിയ സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വ അറിയിക്കേണ്ടതാണ്.

## 1-22 വാടക കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകര

2024-25 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്ത് വക 18 കടമുറിക നൽകിയിട്ടുള്ളത്.3/955 നം. കടമുറി,3/1159 നം. കടമുറി എന്നിവ ന കിടക്കുകയാണ്. കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാ ചേർക്കുന്നു.

**1. ബൈലോ തയ്യാറാക്കിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ ക രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ട മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈ നാളിതുവരെ സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടി ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യ കടമുറികളുടെ വാടകപിരിവിനായി ബൈലോ തയ്യാറാക്കേണ്ടതു വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തു വക കടമുറി നൽകേണ്ടതുമാണ്.

**2. വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.**

വാർഷിക ധനകാര്യപത്രിക പ്രകാരം വാടക കുടിശ്ശിക ഇനത ഈടാക്കാൻ അവശേഷിക്കുന്നുണ്ട് (Current-20,600/-, Arrears-68,385/-). ഗ്ര വാടക കുടിശ്ശിക സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ കടമുറികളുടെ ഏതു കാലയളവിലെ തുകയാണെ കൃത്യമായ വിവരം ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്

(നം.17/25.10.2025) മറുപടിയായി വാടക കുടിശ്ശിക (കറണ
ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതിനും , അരിയറുമായി ബ
രജിസ്റ്ററുകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെ
അറിയിച്ചു.

3. **<u>2 കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു.</u>**

3/955 നം. കടമുറി വാടകക്കാർ ഒഴിഞ്ഞതിനെ തുടർന്ന് ലേലം
നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, 3/1159 നം. കടമുറി
സ്റ്റേഷനുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തികൾ നടക
പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി എടുക്കുന്നതിന
സാമഗ്രികൾ സൂക്ഷിക്കുന്നതിനുമായി ത
ഉപയോഗിക്കുകയാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ
തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-23 ബസ്സ്റ്റാന്റ് ഫീസ് ലേലം - തുക പൂർണ്ണമായും ഒട</u>

ഗ്രാമപഞ്ചായത്തിലെ ബസ്സ്റ്റാന്റ് ഗേറ്റ് ഫീസ് പിരിവ് സംബന്ധ
22.02.2025 ലെ 13 (1) നം. ഭരണസമിതി തീരുമാന പ്രകാരം 18/03/2025 ത
മണിക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച്
തീരുമാനിച്ചിരുന്നു. ആയതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസി
നടന്ന പൊതു ലേലത്തിൽ ബസ് സ്റ്റാൻഡ് ഫീസ് പിരിവ് ഉയർന്ന
ബി. സി. കുര്യൻ, ബലിക്കളത്തിൽ എന്നയാളുടെ ലേലം 4
അംഗീകരിച്ചു തീരുമാനിക്കുകയും ചെയ്തു. ലേലം
അംഗീകരിച്ചാലുടൻ ലേലത്തുക ഒന്നായി ഒടുക്കേണ്ടതും ലേലം
മുറയ്ക്ക് കരാർ ഉടമ്പടി വെയ്ക്കേണ്ടതുമാണെന്ന് ലേല പ
ഉൾപ്പെടുത്തിയിട്ടുള്ള ലേല നിബന്ധനകളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ലേ
ശ്രീ. ബി. സി. കുര്യൻ എന്ന വ്യക്തി 1240105326, 1240105339 നം.രസ
18.03.2025- ൽ 2,69,630 രൂപയാണ് ഒടുക്കിയിട്ടുള്ളത് (ലേല തുകയുടെ
രൂപയിൽ നിന്നും EMD കുറച്ചിട്ടുള്ള 2,18,500 + CGST – 20565 , SGST- 20565
അവശേഷിക്കുന്ന Rs. 228500 രൂപയും ജി.എസ്.ടി.യും ഒടുക
സ്ഥിരപ്പെടുത്തിയ വ്യക്തിയുമായി നിയമാനുസൃതം കരാർ
ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ്
( നം. 18/25.10.2025), ശ്രീ. ബി. സി. കുര്യൻ എന്ന വ്യക്തി യ്ക
വരുത്തുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മ
ജി.എസ്.ടി. ഉൾപ്പെടെ അവശേഷിക്കുന്ന തുക ഈടാക്കേണ്ടതും
അറിയിക്കേണ്ടതുമാണ്.

## 1-24 തനത് വരുമാനം കറണ്ട് അക്കൗണ്ടുകളിൽ നിന്നു അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നില്ല

മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കുന്നത ഓവർസീസ് ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, കേരള ബാങ്ക് എന്നി അക്കൗണ്ടും, കറണ്ട് അക്കൗണ്ടുകളായി കാനറാ ബാങ്കിന്റെ യു.പി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇ-പേയ്മെന്റ് അക്കൗണ്ട് എന്നിവ ഉപയോഗിച്ചു വരുന്നത്. BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെ ഉപയോഗിക്കുന്ന കറന്റ് അക്കൗണ്ടിൽ ലഭിച്ച തുക റീകൺസിലിയേഷൻ നടത്തി, നിലവിലുള്ള തനതു ഫണ്ട് അക്കൗ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് 21.07.2023-ലെ എൽ.എസ്.ജി.ഡി ആർ.ഇ.വി2 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിന്റെ കാനറാ ബാങ്കിലുള്ള UPI Payme (നം.120024190230) 2024-25 സാമ്പത്തിക വർഷത്തിൽ വരവ് വന്ന തുക തനതു ഫണ്ട് അക്കൗണ്ടുകളിലേക്ക് (IOB നം. 057901000015000, SIB ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. പാസ്സ് ബുക്ക് പ്രകാരം 31.03.2025 ൽ ബാലൻസ് തുക 10,55,406 രൂപയാണ്. 22.10.2025 ലും അക്കൗ അവശേഷിക്കുന്നുണ്ട്.

2. ഗ്രാമപഞ്ചായത്തിന്റെ എസ്.ബി.ഐ ഇ-പെയ്മെന്റ് അക്കൗണ്ടില 15.10.2025-ൽ 21,71,143 രൂപ അവശേഷിക്കുന്നുണ്ട്.

കറന്റ് അക്കൗണ്ടുകളിൽ നിന്നും തനത് ഫണ്ട് സേവിംഗ്സ് അക്ക കൃത്യമായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിനാൽ ലഭിക്കുമായിരുന്ന വരുമാനം പഞ്ചായത്തിന് നഷ്ടമാകുകയാണ് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 09.06.2025 മുതൽ യു.പി.ഐ പെയ്മെന്റ് അക്കൗണ്ട് സൗത്ത് ഇന്ത്യൻ ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും ആയതിനാൽ അവശേഷിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്ന പെയ്മെന്റ് അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതിനുമു സ്വീകരിക്കുന്നതാണെന്നും, എസ്.ബി.ഐ ഇ-പേയ്മെന്റ് അവശേഷിക്കുന്ന തുകയും റീകൺസിലിയേഷൻ നടത്തി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതാണെന്നും മ ലഭ്യമാക്കിയിട്ടുണ്ട്. റീകൺസിലിയേഷൻ പൂർത്തീകരിച്ച് പലിശ ല കൃത്യമായ ഇടവേളകളിൽ കറന്റ് അക്കൗണ്ടുകളിൽ അക്കൗണ്ടിലേക്ക് തുക മാറ്റി നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീ

## 1-25 ധാതുഗതാഗത പെർമിറ്റ്- കെട്ടിട നിർമ്മാണം-തുട സ്വീകരിക്കണം

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14-ലെ
ബിൽഡിംഗ് പെർമിറ്റ് ഉടമ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ ലഭിച്ച തീ
വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണമെങ്കിലും
പ്രസ്തുത വിവരം പെർമിറ്റ് നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അ
ഈ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ച
ലെ ഉപചട്ടം(7) പ്രകാരം പെർമിറ്റ് ലഭിക്കുന്നതിന് അടച്ച റോ
റോയൽറ്റിയുടെ അഞ്ച് മടങ്ങ് പിഴ അടക്കാൻ ധാതുഗതാഗത
ബാധ്യസ്ഥൻ ആയിരിക്കും. കെട്ടിട നിർമ്മാണ സ്ഥലത്ത് നിന്ന്
കൊണ്ടുപോകുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിന്നും ചുവ
ഗുണഭോക്താക്കൾക്ക് ധാതുഗതാഗത പെർമിറ്റ് അനുവദിച്ച് നൽകിയ
ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് /വിലാസം | ധാതുഗതാഗത പെർമിറ്റ് നമ്പർ/ തീയതി | പെർമിറ്റിന്റെ കാലാവധി | 6 ... മ ... |
|---|---|---|---|---|
| 1 | എ.ഡി.ജോൺ, പുത്തൻവീട്ടിൽ, പെരുമ്പ്രാമാവ് പി.ഒ | SC1-4775/2023 04.10.2023 | 07.10.2023 മുതൽ 12.10.2023 വരെ | 7 |
| 2 | എൽസി മാത്യു, പറയക്കാട്ട് വീട്, കീഴ്വായ്പൂര് | SC1- 5443/2023 12.12.2023 | 14.12.2023 മുതൽ 21.12.2023വരെ | |
| 3 | സ്റ്റാൻലി ചാക്കോ വർഗ്ഗീസ്, നിലയ്ക്കൽ, മല്ലപ്പള്ളി വെസ്റ്റ് | SC1-5577/2023 09.11.2023 | 10.11.2023 മുതൽ 25.11.2023 വരെ | 9 |
| 4 | ചെല്ലമ്മ, പൂവേലിമലയിൽ മല്ലപ്പള്ളി ഈസ്റ്റ് | SC1-/5641/2023 5.12.2023 | 06.12.2023 മുതൽ 08.12.2023 വരെ | 3 |
| 5 | സാബു കുരുവിള, ആറാട്ടുപുഴ | SC1-/57931/2023 11.12.2023 | 12.12.2023 മുതൽ 13.12.2023 വരെ | 8 |
| 6 | പി.റ്റി.തമ്പി, കീച്ചേരിക്കുളത്ത് വീട് കീഴ്വായ്പൂര് | SC1-/503/2024 09.02.2024 | 12.2.2024 മുതൽ 17.2.2024 വരെ | 3 |
| 7 | സഞ്ജയ് പി.റ്റി, പരയ്ക്കത്താനത്ത് | SC1-/802/2024 1.3.2024 | 04.03.2024 മുതൽ 07.03.2024 വരെ | 2 |

| | | | | |
|---|---|---|---|---|
| | പെരുമ്പ്രാമാവ് പി.ഒ, മല്ലപ്പള്ളി | | | |
| 8 | ബിനു ഗോപാൽ, പുലിയാടിശ്ശേരിൽ പാടിമൺ പി.ഒ | SC1-729/2024 26.2.2024 | 13.3.2024 മുതൽ 19.3.2024 വരെ | 1! |
| 9 | അനിൽ പി.കെ, ബെഥേൽ പെന്തക്കോസ്ത് റിലീജിയസ് & ചാരിറ്റബിൾ ട്രസ്റ്റ്, എരുമേലി | SC1-1060/2024 18.3.2024 | 20.3.2024 മുതൽ 16.4.2024 വരെ | 16 |
| 10 | ഗൗതം കൃഷ്ണ & വിലാസിനി വിജയൻ വലിയവീട്ടിൽ, ചാലുങ്കൽ | SC1-161/2024 | 08.10.2024 മുതൽ 29.10.2024 വരെ | 10 |

ധാതുഗതാഗത പെർമിറ്റ് അനുവദിച്ച് നൽകിയ ഗുണഭോക്താക്കൾ ( പൂർത്തീകരിച്ചതിന്റെ/നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുന്നതിന് ( (28/28.10.2025) നൽകി. ക്രമ നം. 1, 2, 3, 5, 6, 9 & 10 പ്രകാരമുള്ള ഗുണഭേ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, ക്രമ നം. 4 & 7 ഗുണഭേ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും, ക്രമ നം. 8 പ്രകാരമുള്ള ശ്രീ. പുലിയാടിശ്ശേരിൽ, പാടിമൺ എന്ന ഗുണഭോക്താവ് കെ ആരംഭിച്ചിട്ടില്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ധാതു എടുത്തതിനുശേഷം നിശ്ചിത സമയപരിധിക്ക് ശേഷവും കെ ആരംഭിച്ചിട്ടില്ലാത്ത വ്യക്തിയിൽ നിന്നും റോയൽറ്റി തുകയുടെ അഞ്ച ഈടാക്കുന്നത് ഉൾപ്പടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് ആൻഡ് ജിയോളജി വകുപ്പിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്ത ആവശ്യമായ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ട

## 1-26 ലേലം-ഭരണസമിതി തീരുമാനങ്ങളിൽ തുടർനട സ്വീകരിച്ചിട്ടില്ല

